| (1) | (2) | (3) | (4) |
|---|---|---|---|
| 7. | കൊടകര | 106 | 7,75,501 |
| 8. | ചാലക്കുടി | 338 | 15,51,500 |
| 9. | മാള | 195 | 9,88,500 |
| 10. | ഇരിങ്ങാലക്കുട | 349 | 16,96,553 |
| 11. | മണലൂർ | 277 | 11,09,500 |
| 12. | ഗുരുവായൂർ | 126 | 6,82,500 |
| 13. | നാട്ടിക | 264 | 12,29,000 |
| 14. | കൊടുങ്ങല്ലൂർ | 135 | 6,65,500 |
| | ആകെ | 2912 | 1,43,38,047 |

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകരുടെ വിവരം ശേഖരിച്ചുവരുന്നു.

**കുന്നംകുളം നിയോജകമണ്ഡലത്തിൽ രോഗികൾക്ക് ചികിത്സാസഹായം**

**139 (4202)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കുന്നംകുളം നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ രോഗികൾക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട് ;

(ബി) ആകെ എത്ര രൂപയാണ് ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര അപേക്ഷകളിൽ തീർപ്പു കൽപ്പിക്കാനുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 295 പേർക്ക് ചികിത്സാധന സഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടില്ല.

(ബി) 16,18,796 രൂപ (പതിനാറ് ലക്ഷത്തി പതിനെണ്ണായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റാറ് രൂപ)

(സി) ഒരു അപേക്ഷയിൽ തീർപ്പു കൽപ്പിക്കാനുണ്ട്. ശ്രീ. ചങ്ങൻ സി.സി., ചക്കാണ്ട വളപ്പിൽ വീട്, പെങ്ങാമുക്ക് പി. ഒ., എന്നയാളുടെ അപേക്ഷ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly